# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1268

11.02.2016-ൽ മറുപടിയ്ക്ക്

ചോദ്യം
ശ്രീ. പുരുഷൻ കടലുണ്ടി

മറുപടി
ശ്രീ.അനൂപ് ജേക്കബ്
ഭക്ഷ്യവും, പൊതുവിതരണവും,
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി

### ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ടുള്ള സമരങ്ങൾ

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള സമരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റേഷൻ മൊത്ത/ ചില്ലറ വ്യാപാരികൾ സമരങ്ങൾ നടത്തിയിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുക, കമ്മീഷൻ കുടിശ്ശിക അനുവദിക്കുക, മൊത്ത വിതരണ ഏജൻസികളെ പൂർണ്ണമായും ഒഴിവാക്കി പൊതുവിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നടത്തുവാനുള്ള നീക്കം ഉപേക്ഷിക്കുക, റേഷൻ വ്യാപാരികൾക്കും സെയിൽസ്മാനും മിനിമം വേതനം പ്രഖ്യാപിക്കുക, റേഷൻ സാധനങ്ങളുടെ ഡോർ ഡെലിവറി ഉടൻ നടപ്പിലാക്കുക, റേഷൻ വ്യാപാരികളുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2013 ഡിസംബർ, 2014 ഫെബ്രുവരി, 2014 നവംബർ, 2015 ഡിസംബർ എന്നീ മാസങ്ങളിൽ അനിശ്ചിതകാല സമരം പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി റേഷൻ മൊത്ത/ ചില്ലറ വിതരണക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനെത്തുടർന്ന് സമരം നടത്തിയവരുമായി ചർച്ച നടത്തിയിരുന്നോ; ഏതെല്ലാം ഉറപ്പുകളാണ് അവർക്ക് നൽകിയിരുന്നത് ; | | |

| | | | |
|---|---|---|---|
| (സി) | നൽകിയിരുന്ന ഉറപ്പുകളിൽ ഏതെല്ലാം പാലിക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; പരിഗണിക്കാൻ കഴിയാതെ പോയ ഉറപ്പുകൾ ഏതെല്ലാമായിരുന്നു; വിശദമാക്കാമോ ? | (സി) | 01.01.2015 മുതൽ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ അരി, ഗോതമ്പ് എന്നിവയ്ക്ക് ക്വിന്റലിന് 100 രൂപയായും, പഞ്ചസാര, ആട്ട, മണ്ണെണ്ണ എന്നിവയ്ക്ക് 25%വും റേഷൻ മൊത്തവ്യാപാരികൾക്ക് അരി, ഗോതമ്പ് എന്നിവയ്ക്ക് ക്വിന്റലിന് 60 രൂപയായും 01.01.2016 മുതൽ കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ പരീക്ഷണാടിസ്ഥാനത്തിൽ, ആട്ട, പഞ്ചസാര എന്നീ ഇനങ്ങൾ ഡോർ ഡെലിവറി സമ്പ്രദായം നടത്തി വരുന്നു. റേഷൻ വ്യാപാരികൾ ഉന്നയിച്ച പല പരാതികൾക്കും ഇതിനകം പരിഹാരം കണ്ടിട്ടുണ്ട്. റേഷൻ വ്യാപാരികൾ ഉന്നയിച്ച മറ്റ് ആവശ്യങ്ങൾ പുനഃപരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ